ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. 11 വർഷത്തിനിടെ രാജ്യത്തെ പാവപ്പെട്ട ജനങ്ങളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ കേന്ദ്ര സർക്കാരിന് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi said that the Union government has been able to ensure the safety and welfare of the poor people of the country in the past 11 years.**

2. കേന്ദ്ര സർക്കാരിൻറെ സുസ്ഥിരമായ പ്രവർത്തനങ്ങളിലൂടെ ഇന്ത്യ ലോകത്തെ ഏറ്റവും വലിയ 4 സമ്പദ്‌വ്യവസ്ഥകളിലൊന്നായി മാറിയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah said that India has become one of the 4 largest economies in the world due to the sustainable work of the Union government.**

3. പൊതു ഇടങ്ങളിൽ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് വിലക്കി സുപ്രീം കോടതി . ഭക്ഷണം നൽകുന്നതിന് പ്രത്യേക ഇടങ്ങൾ ഒരുക്കാനും നിർദേശം.

   **The Supreme Court has banned feeding stray dogs in public places. It has also directed to create special places for feeding them.**

4. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്.

   **Scrutiny of nominations for the Vice Presidential election to be held today.**

5. **134-ാമത് ഡ്യൂറണ്ട് കപ്പ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിന്റെ ഫൈനൽ മത്സരം നാളെ പശ്ചിമബംഗാളിൽ നടക്കും**

**The final match of the 134th Durand Cup Trophy football tournament will be held in West Bengal tomorrow.**

☼☼☼☼☼☼☼☼☼☼☼☼☼☼☼☼

## PM - BIHAR intro

കഴിഞ്ഞ11 വർഷത്തിനിടെ രാജ്യത്തെ പാവപ്പെട്ട ജനങ്ങളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ കേന്ദ്ര സർക്കാരിന് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇതിനായി പാവപ്പെട്ട ജനങ്ങൾക്ക് വീടെന്ന സ്വപ്നം ഉറപ്പാക്കിയെന്നും അദ്ദേഹം പറഞ്ഞു. ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസനപദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി.

(വോയിസ്)

ഗംഗാ നദിയിലെ ആന്റ - സിമാരിയ പാലം, ഭക്തിയാർപൂർ മുതൽ മൊകാമ വരെയുള്ള നാലുവരി പാത, ബക്സർ താപവൈദ്യുത നിലയം, മുസാഫർപൂരിലെ ഹോമി ഭാഭ കാൻസർ ആശുപത്രി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. തുടർന്ന് പശ്ചിമബംഗാളിൽ എത്തുന്ന പ്രധാനമന്ത്രി കൊൽക്കത്തയിൽ പുതുതായി നിർമ്മിച്ച മെട്രോ ട്രെയിൻ സർവീസുകൾ ഫ്ലാഗ് ഓഫ് ചെയ്യും.

☼☼☼☼☼☼☼☼☼☼☼☼☼☼☼☼

## AMIT SHAH (INTRO)

കേന്ദ്ര സർക്കാരിൻറെ സുസ്ഥിരമായ പ്രവർത്തനങ്ങളിലൂടെ ഇന്ത്യ ലോകത്തെ ഏറ്റവും വലിയ 4 സമ്പദ്‌വ്യവസ്ഥകളിലൊന്നായി മാറിയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കൊച്ചിയിൽ മാധ്യമകോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ അമിത്ഷാ.

(VOICE)

കൊച്ചിയിൽ ഇന്ന് നടക്കുന്ന ബിജെപി സംസ്ഥാന നേതൃയോഗം ശ്രീ അമിത് ഷാ ഉദ്ഘാടനം ചെയ്യും. കേരള സന്ദർശനത്തിന്

ശേഷം തമിഴ്നാട്ടിലെത്തുന്ന ശ്രീ അമിത് ഷാ തിരുനെൽവേലിയിൽ ബി ജെ പി ബൂത്ത് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## STRAY DOG

പൊതു ഇടങ്ങളിൽ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് വിലക്കി സുപ്രീം കോടതി . ഇത്തരത്തിൽ ഭക്ഷണം നൽകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും പ്രത്യേക ഇടങ്ങൾ ഒരുക്കാനും മൂന്നംഗ ബെഞ്ച് ഉത്തരവിട്ടു. എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഇത് നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചു. പിടികൂടുന്ന തെരുവ് നായ്ക്കളെ വിട്ടയയ്ക്കരുതെന്ന മുൻ ഉത്തരവും കോടതി സ്റ്റേ ചെയ്തു. തെരുവ് നായ വിഷയത്തിൽ ദേശീയ നയം രൂപീകരിക്കേണ്ടതുണ്ടെന്നും സുപ്രീം കോടതി വിലയിരുത്തി. എന്നാൽ തെരുവ് നായ പ്രശ്നത്തിൽ നിലവിലെ എ ബി സി ചട്ടങ്ങളിൽ മാറ്റം ആവശ്യമാണെന്ന് മന്ത്രി എം ബി രാജേഷ് ഉറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## ECI-VP OBSERVER

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്. അടുത്ത മാസം 9 നാണ് തിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പിനായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ രണ്ട് നിരീക്ഷകരെ നിയമിച്ചു. പഞ്ചായത്തിരാജ് മന്ത്രാലയത്തിന്റെ അഡീഷണൽ സെക്രട്ടറി സുശീൽ കുമാർ ലോഹാനി, ധനകാര്യ മന്ത്രാലയത്തിന്റെ അഡീഷണൽ സെക്രട്ടറി ഡി. ആനന്ദൻ എന്നിവരെയാണ് നിരീക്ഷകരായി നിയമിച്ചത്. ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി എൻഡിഎ-യുടെ സി പി രാധാകൃഷ്ണനും, I.N.D.I സഖ്യത്തിനായി സുപ്രീം കോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡിയുമാണ് മത്സരിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PM-SWARAJ PAUL

പ്രവാസി വ്യവസായിയും മനുഷ്യസ്നേഹിയുമായ സ്വരാജ് പോളിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. യുകെയിലെ വ്യവസായം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, പൊതുസേവനം എന്നിവയിൽ പോളിന്റെ

സംഭാവനകളും ഇന്ത്യയുമായുള്ള അടുത്ത ബന്ധത്തിന് അദ്ദേഹം നൽകിയ അചഞ്ചലമായ പിന്തുണയും എന്നും ഓർമ്മിക്കപ്പെടുമെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## NATIONAL SPACE DAY

നാളെ ദേശീയ ബഹിരാകാശദിനം. ഇന്ത്യൻ ബഹിരാകാശ ഏജൻസിയായ ഐഎസ്ആർഒ വിജയം കൈവരിച്ചതിൻറെ ഓർമ്മയ്ക്കായാണ് ഈ ദിനം ആചരിക്കുന്നത്. 2023 ആഗസ്റ്റ് 23-ന് ചന്ദ്രയാൻ-3 ദൗത്യത്തിലൂടെ വിക്രം ലാൻഡർ ചന്ദ്രൻറെ ദക്ഷിണ ധ്രുവത്തിൽ വിജയകരമായി ഇറക്കി. ഈ വിജയത്തോടെ ചന്ദ്രൻറെ ദക്ഷിണ ധ്രുവത്തിൽ പേടകം ഇറക്കുന്ന ലോകത്തെ ആദ്യത്തെ രാജ്യവും പേടകത്തിലൂടെ ചന്ദ്രോപരിതലം സ്പർശിക്കുന്ന നാലാമത്തെ രാജ്യവുമായി ഇന്ത്യ മാറി. നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ദിനാചരണത്തിൽ, **ആര്യഭട്ട മുതൽ ഗഗൻയാൻ വരെ പ്രാചീന വിജ്ഞാനത്തിൽ തുടങ്ങി അനന്ത സാധ്യതയിലേക്ക്** എന്ന് പ്രമേയത്തിൽ ചർച്ചകളും സമ്മേളനങ്ങളും നടക്കും.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## PM ONLINE GAMING BILL

പാർലമെൻ്റ് പാസാക്കിയ ഓൺലൈൻ ഗെയിമിംഗ് ബിൽ, 2025 ഇന്ത്യയെ ഗെയിമിംഗ്, നവീകരണം, സർഗ്ഗാത്മകത എന്നിവയുടെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രതിബദ്ധത എടുത്തുകാണിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇ-സ്പോർട്സും ഓൺലൈൻ സോഷ്യൽ ഗെയിമുകളും സർക്കാർ പ്രോത്സാഹിപ്പിക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ അറിയിച്ചു.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## VAZHOOR SOMAN

പീരുമേട് എം എൽ എ വാഴൂർ സോമൻറെ സംസ്കാരം ഇന്ന് വൈകിട്ട് നാലിന് നടക്കും. വണ്ടിപ്പെരിയാർ ടൗൺഹാളിൽ പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ നിരവധി പേർ അന്തിമോപചാരം അർപ്പിച്ചു. വാഴൂർ സോമൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചിച്ചു.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## amoebic encephalitis

കോഴിക്കോട് ചികിത്സയിലുള്ള രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തു. രോഗം ബാധിച്ച് മരിച്ച താമരശ്ശേരി സ്വദേശി ഒമ്പത് കാരിയുടെ ഏഴ് വയസ്സുള്ള സഹോദരനും ചേലേമ്പ്ര സ്വദേശിയായ 59-കാരനുമാണ് അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളത്. നിലവിൽ മൂന്ന് പേരാണ് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലാണ്.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## WEST BENGAL DISCIPLINARY ACTION

വോട്ടർ പട്ടികയിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ അഞ്ച് ഉദ്യോഗസ്ഥർക്കെതിരെ പശ്ചിമ ബംഗാൾ സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി. താൽക്കാലിക ജീവനക്കാരനെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## Special Train-Ganapathi Pooja

ഗണേഷ് ചതുർത്ഥി പ്രാമാണിച്ച് ഭക്തർക്കും യാത്രക്കാർക്കും സുഗമവും സുഖകരവുമായ യാത്ര ഉറപ്പാക്കുന്നതിനായി ഇന്ത്യൻ റെയിൽവേ 380 ഗണപതി സ്പെഷ്യൽ ട്രെയിൻ സർവീസുകൾ പ്രഖ്യാപിച്ചു. സെൻട്രൽ റെയിൽവേ 296 ഉം,വെസ്റ്റേൺ റെയിൽവേ 56 ഉം, സൗത്ത് വെസ്റ്റേൺ റെയിൽവേ 22 ഉം സ്പെഷ്യൽ സർവീസുകൾ നടത്തുമെന്ന് റെയിൽവേ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഓഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 6 വരെയാണ് ഗണപതി പൂജ ആഘോഷിക്കുന്നത് .

✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## DURAND CUP

134-ാമത് ഡ്യൂറണ്ട് കപ്പ് ട്രോഫി ഫുട്ബോൾ ടൂർണമെൻറിൻറെ ഫൈനൽ മത്സരം നാളെ പശ്ചിമബംഗാളിൽ നടക്കും. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന പോരാട്ടത്തിൽ ഡയമണ്ട് ഹാർബർ, എഫ്സി നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. വൈകിട്ട് 5.30നാണ് മത്സരം.

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 426 പോയിൻ്റ് താഴ്ന്ന് 81,574 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 134 പോയിൻ്റ് നഷ്ടത്തിൽ 24,949 ലും വ്യാപാരം തുടരുന്നു.

സ്വർണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് 73,720 രൂപയും ഗ്രാമിന് 9,215 രൂപയുമാണ് ഇന്നത്തെ വില.

## NAGALAND DISPUTED AREA

നാഗാലാൻഡ് - അസം സംസ്ഥാനങ്ങളുടെ അതിർത്തി മേഖലയിലെ തകർക്ക പ്രദേശമായ ഡിഎബിയിൽ, തോട്ടം നിർമ്മാണം ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും സംയുക്തമായി നടത്താൻ ഇരു സർക്കാരുകൾ തമ്മിൽ ധാരണയായി. പ്രദേശത്ത് നിന്ന് അനധികൃത കുടിയേറ്റക്കാരെ നീക്കം ചെയ്യുന്നതിനായി സംസ്ഥാന സർക്കാരുകൾ അടുത്തിടെ കൂടിക്കാഴ്ച നടത്തിയതായി നാഗാലാൻഡ് ചീഫ് സെക്രട്ടറിയുടെ ഓഫീസ് പ്രസ്താവനയിൽ പറഞ്ഞു. അതിർത്തി പ്രദേശങ്ങളിൽ സമാധാനവും സഹകരണവും നിലനിർത്തുന്നതിനുള്ള ഭാഗമായാണ് പുതിയ നീക്കം.

## BHUPENDER - IBCA

സിംഹം, കടുവ ഉൾപ്പെടെയുള്ള ബിഗ്ക്യാറ്റുകളുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ള കൂട്ടായ്മയായ ഐസിബിഎയ്ക്ക് പ്രത്യേകാവകാശങ്ങളും

ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ചുള്ള വിജ്ഞാപനം കേന്ദ്രസർക്കാർ പുറത്തിറക്കി. 1947 ലെ ഐക്യരാഷ്ട്രസഭയുടെ (പ്രിവിലേജസ് ആൻഡ് ഇമ്മ്യൂണിറ്റിസ്) നിയമപ്രകാരമുള്ളതാണ് വിജ്ഞാപനം. ബിഗ് ക്യാറ്റുകളെ സംരക്ഷിക്കുന്നതിനുള്ള ആഗോള സഹകരണത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയുടെ തെളിവാണിതെന്ന് കേന്ദ്ര വനം മന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## ISRAEL – HOSTAGES NEGOTIATIONS

ഗാസയിൽ അവശേഷിക്കുന്ന എല്ലാ ബന്ദികളെയും മോചിപ്പിക്കുന്നതിനുള്ള അടിയന്തര ചർച്ചകൾക്ക് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു ഉത്തരവിട്ടു. അതേസമയം ഗാസ നഗരത്തിൽ ഒരു സൈനിക ആക്രമണത്തിനും അദ്ദേഹം അംഗീകാരം നൽകി. 60 ദിവസത്തെ വെടിനിർത്തലിനുള്ള ഖത്തർ-ഈജിപ്ഷ്യൻ നിർദ്ദേശത്തിന് ഹമാസ് തിങ്കളാഴ്ച സമ്മതിച്ചതിനെ തുടർന്നാണിത്. ഇതനുസരിച്ച് പകുതി ബന്ദികളെ മോചിപ്പിക്കാനായിരുന്നു ഹമാസ് തീരുമാനം. എന്നാൽ എല്ലാ ബന്ദികളെയും പൂർണ്ണമായി മോചിപ്പിക്കുന്നത് മാത്രമേ ഇസ്രായേൽ അംഗീകരിക്കൂ എന്ന് പ്രധാനമന്ത്രി നെതന്യാഹു പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

✡✡✡✡✡✡✡✡✡✡✡✡

✡✡✡✡✡✡✡✡

✡✡✡✡✡